# കോവിഡ് നാലാംതരംഗം - ജാഗ്രത തുടരണം

കോവിഡിന്റെ മൂന്നാംതരംഗത്തെ മറികടക്കുമ്പോൾതന്നെ കോവിഡ്‌വ്യാപനത്തിന്റെ നാലാംഘട്ടത്തിലേക്ക് നമ്മുടെ രാജ്യം കടക്കുന്നു എന്നതിന്റെ സൂചനകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ മാസ്ക് ധരിച്ചും, സാമൂഹിക അകലം പാലിച്ചും, സാനിറ്റൈസർ ഉപയോഗിച്ചും കോവിഡിനെ നാം പരമാവധി നേരിട്ടു. കേരളത്തിൽ ആശങ്കപ്പെടേണ്ട രീതിയിൽ കോവിഡ്‌വ്യാപനം നിലവിലില്ലെങ്കിലും കൊറോണവൈറസിന്റെ പുതിയ ജനിതകവകഭേദങ്ങളുടെ അതിവ്യാപനശേഷി കണക്കിലെടുക്കുമ്പോൾ നാം ജാഗ്രത തുടരേണ്ടതുണ്ട്.

പൊതുവെ ഉണ്ടായിട്ടുള്ള ആൾനഷ്ടം, സാമ്പത്തികത്തകർച്ച, തൊഴിൽമാന്ദ്യം, കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾ എന്നിവയിൽനിന്നും മുക്തമാകുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലാണ് വീണ്ടും ഒരു ദുരന്തത്തിലേക്ക് തള്ളിവിട്ടുകൊണ്ട് നാലാമത് തരംഗത്തിന്റെ സൂചനകൾ കണ്ടുതുടങ്ങിയിരിക്കുന്നത്.

ഇപ്പോൾ പുതുതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്ന എക്സ് ഇ എന്ന ജനിതകവകഭേദം മൂന്നാംതരംഗത്തിനു കാരണമായ ഒമിക്രോൺ ബിഎ1, ബിഎ2 വകഭേദങ്ങളുടെ സമന്വയവകഭേദമാണ്. 2022 ജനുവരി 19- ന് ഇംഗ്ലണ്ടിലാണ് ബിഎ2 വകഭേദത്തേക്കാൾ 10 ശതമാനം കൂടുതൽ വ്യാപനശേഷിയുള്ള എക്സ് ഇ കണ്ടെത്തിയത്. പുതിയ തരംഗത്തിന്റെ തീവ്രതയോ പ്രഹരശേഷിയോ ഇപ്പോൾ പ്രവചിക്കാനാവില്ല എന്നാണ് ആരോഗ്യവിദഗ്ധരുടെ അഭിപ്രായം.

കഴിഞ്ഞകാലങ്ങളിൽ കോവിഡ് വ്യാപനത്തെ നേരിടുന്ന കാര്യത്തിൽ ഗവണ്മെന്റ് എടുത്ത നിലപാടുകളും അവ ഫലപ്രദമായി നടപ്പിലാക്കുന്ന കാര്യത്തിൽ ജനങ്ങൾ സ്വീകരിച്ച സമീപനവും നമ്മുടെ നാടിനും രാജ്യത്തിനും ഏറെ ആശ്വാസകരമായിരുന്നു. നമ്മുടെ ഉയർന്ന സാക്ഷരതാനിലവാരവും സ്ത്രീശക്തീകരണവും സർവോപരി പതിനായിരക്കണക്കിന് ആരോഗ്യപ്രവർത്തകരുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളുമാണ് ആഗോളവ്യാപകമായി പ്രകീർത്തിക്കപ്പെട്ട നിലയിൽ കോവിഡ്നിയന്ത്രണത്തിൽ മാതൃകയാകാൻ കേരളത്തിനു കഴിഞ്ഞത്.

എന്നാൽ, നാലാമത് കോവിഡ് തരംഗം ഉണ്ടാകുന്നു എന്ന വാർത്ത പരക്കുമ്പോഴും ഗവണ്മെന്റും ജനങ്ങളും അതിന്റെ ഗൗരവം മനസ്സിലാക്കി, വേണ്ടത്ര കരുതൽ സ്വീകരിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കോവിഡ് മഹാമാരിയെ പൂർണ്ണമായും തുടച്ചുനീക്കുവാൻ ഇന്നും നമുക്ക് കഴിഞ്ഞിട്ടില്ല. ദൈനംദിനം അതിന്റെ വ്യാപനം വർദ്ധിക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഇത് സംബന്ധിച്ച് ഒരു വ്യക്തമായ ധാരണ, കഴിഞ്ഞകാലങ്ങളിലെന്നപോലെ, ജനങ്ങളിൽ വളർത്തിയെടുക്കുവാൻ ബന്ധപ്പെട്ടവർക്ക് കഴിയുന്നില്ല, തന്മൂലം അതിന്റെ ഗൗരവം ജനങ്ങൾ ഉൾക്കൊള്ളുന്നില്ല എന്നുള്ളതാണ് വാസ്തവം.

കോവിഡ്‌വ്യാപനം വർദ്ധിക്കുവാനുള്ള അനുകൂല സാഹചര്യങ്ങളാണ് നമ്മുടെ നാട്ടിൽ ഇപ്പോൾ പൊതുവെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കോവിഡ് നിബന്ധനകളിൽ ഇളവ് പ്രഖ്യാപിച്ചതോടെ മാസ്ക് ധരിക്കുന്ന കാര്യത്തിലും, സാമൂഹികഅകലം പാലിക്കുന്ന കാര്യത്തിലും, സാനിറ്റൈസറിന്റെ ഉപയോഗത്തിലും നാം അലസത കാണിച്ചു. അതിനെ തുടർന്ന് വിവാഹച്ചടങ്ങുകൾ, ഉത്സവാഘോഷങ്ങൾ, സമ്മേളനങ്ങൾ തുടങ്ങിയുള്ള ആൾക്കൂട്ടങ്ങൾ മുൻകാലങ്ങളെ അതിശയിപ്പിക്കത്തക്കരീതിയിൽ വർദ്ധിക്കാനിടയായി. ഈ സാഹചര്യം വീണ്ടും നമ്മെ കൂടുതൽ ദുരിതത്തിലേക്ക് എത്തിക്കാനിടയുണ്ട് എന്ന കാര്യം ആരും വിസ്മരിക്കരുത്. വാക്സിന്റെ ബൂസ്റ്റർ ഡോസ് എടുക്കുന്നതിലുമുണ്ട് താല്പര്യക്കുറവ്. വാക്സിൻ സ്വീകരിക്കുന്നവർക്ക് കോവിഡ് ബാധിച്ചാലും അത് ഗുരുതരമാകാതിരിക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ രണ്ടുവർഷമായി അനുഭവിച്ച അടച്ചിടലിന്റെ വീർപ്പുമുട്ടൽ നമ്മളാരും മറന്നിട്ടില്ല. വീണ്ടും അങ്ങനെയൊരു നിർഭാഗ്യകരമായ സാഹചര്യം ഉണ്ടാകാതിരിക്കുവാൻ ഗവണ്മെന്റും ബന്ധപ്പെട്ട വകുപ്പുകളും ഇക്കാര്യത്തിൽ മുൻകൈ എടുക്കുകയും, ജനങ്ങൾ കർശനമായി നിബന്ധനകൾ പാലിക്കുകയും ആണ് ചെയ്യേണ്ടത്. നാലാം തരംഗം ശക്തമായാൽ കൂടുതൽ കോവിഡ്‌രോഗികൾ ചികിത്സ തേടി ആശുപത്രികളിലെത്തുകയും കോവിഡേതരചികിത്സ സമ്മർദ്ദത്തിലാവുകയും ചെയ്യും.

കോവിഡ് വ്യാപിക്കുന്നത് തരംഗമാതൃകയിലാണ്. ആൾക്കൂട്ടങ്ങൾ ഉണ്ടാകുമ്പോഴും നിയന്ത്രണങ്ങൾ ഇല്ലാതാകുമ്പോഴും രോഗം തീവ്രമായി വ്യാപിക്കുകയും നിയന്ത്രണം കടുപ്പിക്കുമ്പോൾ പതുക്കെ പിൻവാങ്ങുകയും ചെയ്യുന്നതാണ് ഈ മാതൃക. രോഗവ്യാപനം തടയാതെ പുതിയ ജനിതകവകഭേദങ്ങൾ ഉണ്ടാകുന്നത് തടയാനും സാധിക്കില്ല. സർക്കാർനിർദ്ദേശങ്ങൾ പാലിക്കുകയും വാക്സിനേഷൻപോലെയുള്ള പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുകയും, കുറച്ചുനാൾകൂടി അനാവശ്യത്തെുചേരലുകളും ഉത്സവാഘോഷങ്ങളും ഒഴിവാക്കി സ്വയം നിയന്ത്രണം പാലിക്കുകയും ചെയ്താൽ കോവിഡിന്റെ നാലാംതരംഗം നമുക്ക് ഭീഷണിയാവുകയില്ല.